എറണാകുളം ആയുർവേദ ആശുപത്രിയിലെ ചീഫ് വൈദ്യൻ.

126. [18] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ആയുർവേദാശുപത്രിയിലെ ചീഫ് വൈദ്യൻ ആരാണ്;

(ബി) എത്ര വർഷമായി ഈയാൾ അവിടെ ജോലിയിൽ പ്രവേശിച്ചിട്ട്;

(സി) ഈ വൈദ്യൻ ആശുപത്രിക്കടുത്തുതന്നെ ഒരു വൈദ്യശാല നടത്തുന്നുണ്ടോ ?

ഉത്തരം.

(എ) ശ്രീ. പി. സി. മാധവൻവൈദ്യൻ, വൈദ്യ ലാനിധി.

(ബി) ആശുപത്രി തുടങ്ങിയ കാലംമുതൽ (19-6-119 മുതൽ)

(സി) ആശുപത്രിക്കടുത്ത് വൈദ്യശാല നടത്തുന്നതായി അറിവില്ല.

ആയുർവ്വേദ ഡിസ്പെൻസറി.

127. [20] ശ്രീ. എൻ. ജെ. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

പത്തനംതിട്ടതാലൂക്കിൽ ഓമല്ലൂർപകുതിയിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കുമോ ?

ഉത്തരം.

രണ്ടാം പഞ്ചവത്സരപദ്ധതി നടപ്പിലാക്കുന്നതോടുകൂടി ആരംഭിക്കുന്നതാണ്.

മുത്തകുന്നം ആശുപത്രി.

128. [22] ശ്രീ. ഇ. ഏ. ബാലൻ : താഴെ പറയുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

മുത്തകുന്നം ആശുപത്രിയിൽ ഒരു നേഴ്സിനെ നിയമിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം.

മുത്തകുന്നം ആശുപത്രിയിൽ ഇപ്പോൾ ഒരു നേഴ്സിനെ നിയമിക്കേണ്ട ആവശ്യം ഇല്ല.

ഈരാറ്റുപേട്ട-ചേന്നാട്-ചോറ്റി റോഡ് ഗവണ്മെൻറ് ഏറ്റെടുക്കുമെന്നു് നിവേദനം.

129. [25] ശ്രീ. കെ. ടി. തോമസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈരാറ്റുപേട്ട-ചേന്നാട്-ചോറ്റി റോഡ് ഗവണ്മെൻറ് ഏറ്റെടുക്കുമെന്ന് കാണിച്ചു് നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ?

LIBRARY ARCHIVES Kerala Legislative Assembly